**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039** **18-03-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിൽ ക്യൂസി.ബി.എസ്. ടെണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ ക്യൂസി.ബി.എസ്. സംവിധാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര ടെണ്ടറുകൾ ഇത് പ്രകാരം അംഗീകരിച്ചിട്ടുണ്ടെന്നും കരാറുകാരുടെയും പ്രവൃത്തിയുടെയും പേര്, കരാർ തുക എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | കരാർ നൽകിയ പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയത് എത്രയാണെന്നും ഈ തുകയും കരാർ നൽകിയതും തമ്മിലുള്ള വ്യത്യാസം എത്രയാണെന്നും വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ക്യൂസി.ബി.എസ്. നിർത്തലാക്കി നേരത്തേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ക്യൂസി.ബി.എസ്. പുനഃസ്ഥാപിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ക്യൂസി.ബി.എസ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 16.02.2022 തീയതിയിൽ സർക്കാർ കത്ത് നം. ഡബ്ല്യൂഎസ്-സി.2/1/21-ജവിവ പ്രകാരം QCBS സംവിധാനം മരവിപ്പിച്ചിരിക്കുന്നു. പകർപ്പ് ചുവടെ ചേർക്കുന്നു. QCBS പുന:സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | മുമ്പ് ക്യൂസി.ബി.എസ്. ദുരുപയോഗപ്പെടുത്തി നിയമവിരുദ്ധമായി കരാറുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറുകൾ റദ്ദ് ചെയ്യുമോ; | (ഡി) | പരിശോധിച്ചു വരുന്നു. |
| (ഇ) | ക്യൂസി.ബി.എസ്. പുനഃസ്ഥാപിക്കണമെന്ന തീരുമാനം എടുത്തത് ഏത് യോഗത്തിലാണെന്നും പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ? | (ഇ) | QCBS പുന:സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ജലവിഭവ (ജലവിതരണ-സി) വകുപ്പ്

നം.ഡബ്ല്യു.എസ്-സി2/1/2021-ജവിവ 16-02-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ

കേരളാ വാട്ടർ അതോറിറ്റി

സർ,

വിഷയം:- ജലവിഭവ വകുപ്പ് -Q C B S സംവിധാനത്തിലൂടെ ദർഘാസ് ക്ഷണിയ്ക്കുന്നത് മരവിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 20.03.2021 തീയതിയിലെ 3334/AE(TMV)/2021/KWA നമ്പർ നടപടികുറിപ്പ്.

സൂചന പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ ദർഘാസ് ക്ഷണിയ്ക്കുന്നതിനും തെരഞ്ഞെടുക്കുന്നതിനുമായി നടപ്പിലാക്കിയ QCBS (Quality and Cost Based Selection) സംവിധാനം വളരെ സങ്കീർണ്ണവും, അപൂർണ്ണവും, പൊതുജനങ്ങളിൽ നിന്ന് വ്യാപക പരാതി ഉയർന്നിട്ടുള്ളതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ മുൻവിധിയോടുകൂടി മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടാവുന്ന ഒരു സാധ്യതയും പ്രഥമദൃഷ്ട്യാ കാണുന്നതിനാലും, ദർഘാസ് രീതികൾ മാറ്റുന്നത് പൂർണ്ണമായും സർക്കാരിന്റെ നയപരമായ കാര്യമായതിനാലും, QCBS എന്ന പുതിയ സംവിധാനം സർക്കാർതലത്തിൽ പരിശോധിച്ച് കുറ്റമറ്റതാക്കേണ്ടതുള്ളതിനാലും, കേരളാ വാട്ടർ അതോറിറ്റിയിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ള ഈ സംവിധാനം ഇനിയൊരു സർക്കാർ ഉത്തരവ് ഉണ്ടാകുന്നതുവരെ ഉടനടി പ്രാബല്യത്തിൽ മരവിപ്പിക്കേണ്ടതും, നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാന്വലുകളുടെയും അടിസ്ഥാനത്തിൽ സുതാര്യമായി ദർഘാസ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നിരിക്കിലും ജലജീവൻ മിഷൻ പോലുള്ള അതിബൃഹത്തായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുള്ളതിനാൽ QCBS സംവിധാനത്തിലൂടെ 15/02/2022 വരെ ക്ഷണിച്ചിട്ടുള്ള ദർഘാസുകൾ പ്രസ്തുത സംവിധാനത്തിലൂടെ തന്നെ തീർപ്പാക്കാവുന്നതാണ്.

കൂടാതെ QCBS സംവിധാനം ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിലേയ്ക്കും പരിഗണിക്കുന്നതിലേയ്ക്കുമായി വിശദമായ ഒരു പ്രൊപ്പോസൽ അടിസ്ഥാന വിവരം, സ്റ്റാറ്റിസ്റ്റിക്സ് എന്നിവസഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
SREEKALA T P
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.